ശ്രീ. വർക്കല രാധാകൃഷ്ണൻ: ഹരിജനങ്ങൾക്ക് പ്രത്യേകമായ പരിഗണന നൽകുന്നതിനുവേണ്ടി അവർ മുന്നോട്ടുവന്നാൽ അവരുടെ സബ്കമ്മിറ്റികൾ ഈ ജോലി ഏറ്റെടുത്തു നടത്താനുള്ള ഒരു സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഈ വർക്കുകൾ ഏറ്റെടുക്കുന്നത് ജനകീയ കമ്മിറ്റികൾ നിശ്ചയിക്കുന്ന നോമിനികളാണ്. ഹരിജനങ്ങൾക്കാണെങ്കിലും മറ്റ് സമുദായത്തിൽപ്പെട്ടവർക്കാണെങ്കിലും നോമിനികളാകാമെന്നുള്ളതുകൊണ്ടാണ് ഈ രാജ്യത്ത് നിലനിൽക്കുമ്പോൾ ഈ ചോദ്യം ഇവിടെ പ്രസക്തമല്ല.

ശ്രീ. ടി. എസ്. ജോൺ: പട്ടികജാതി-പട്ടികവർഗ്ഗത്തിൽനിന്ന് സിക്കുമതത്തിലേക്ക് മതപരിവർത്തനം ചെയ്തിട്ടുള്ള ആളുകൾക്ക് പട്ടികജാതി-പട്ടികവർഗ്ഗത്തിന്റെ മുഴുവൻ ആനുകൂല്യങ്ങളും ഇപ്പോൾ ലഭ്യമാകുന്നുണ്ട്. ഈ നിയമസഭ പാസ്സാക്കിയ കർഷകത്തൊഴിലാളി ബില്ലിലും പട്ടികജാതി-പട്ടികവർഗ്ഗത്തിലേക്ക് മതപരിവർത്തനം നടത്തിയവർക്ക് ആനുകൂല്യം കൊടുക്കുന്നുണ്ട്. ആ നിലയ്ക്ക് മതപരിവർത്തനം ചെയ്ത പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് എസ്. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. സ്കീമുകളുടെ ആനുകൂല്യം ലഭ്യമാക്കാൻ വേണ്ടിയുള്ള ഒരു ശ്രമംകൂടി ഗവൺമെന്റ് നടത്തുമോ?

ശ്രീ. രമേശ് ചെന്നിത്തല: പട്ടിക വർഗ്ഗക്കാർക്ക് ഈ ആനുകൂല്യം കൊടുക്കുന്നുണ്ട്. ട്രൈബൽസിനും ട്രൈബൽസിൽനിന്നും കൺവെർട്ട് ചെയ്ത ക്രിസ്ത്യാനികൾക്കും ഈ ആനുകൂല്യം തുടർന്നു ലഭ്യമാകുന്നുണ്ട്. പട്ടികജാതിക്കാർക്ക് ഇന്ന് ഈ ആനുകൂല്യം ലഭിക്കുന്നില്ല. ഇത് കേന്ദ്രഗവൺമെന്റിന്റെ നിയമമാണ്. അതിന് ഭേദഗതി വരുത്താൻ നമുക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല.

ശ്രീ. എസ്. ശോഭീന്ദ്രക്കുറുപ്പ്: ചെന്നിത്തല പഞ്ചായത്തിൽ പടിഞ്ഞാറേവഴി വാർഡിൽ ഒരു ഹരിജൻ കോളനിയിൽ ആർ. എൽ ഇ. ജി. പി. സ്കീം അനുസരിച്ച് വീടുകൊടുത്തു. 20 വീടുകൾ കൊടുത്തതിന്റെ നടുക്ക് അവർ ക്രിസ്ത്യാനികളായി പണ്ടെങ്ങാണ്ട് കൺവെർട്ട് ചെയ്തവരാണെന്നുപറഞ്ഞ് രണ്ടുവീട് ഓലമേഞ്ഞതാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളുള്ളപ്പോൾ അതിന് പരിഹാരം കാണാൻ പരിശ്രമം നടത്തുമോ?

ശ്രീ. രമേശ് ചെന്നിത്തല: ഗവൺമെന്റ് ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കുന്നതാണ്.

തൊഴിൽ സമരംമൂലം പൂട്ടിക്കിടക്കുന്ന തൊഴിൽ ശാലകൾ

* 85 [87] ശ്രീ. വി. സി. കബീർ:
,, കെ. ശങ്കരനാരായണപിള്ള:
,, പി. വിജയദാസ്:
,, എ. കെ. ഗംഗീന്ദ്രൻ:
,, എ. സി. ഷൺമുഖദാസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മേയ് 31-ന് കേരളത്തിലെ എത്ര തൊഴിൽശാലകൾ സമരംമൂലം പൂട്ടിക്കിടക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ തൊഴിൽശാലകളിൽ മൂന്നുമാസമായി സമരം നടന്നു കൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ;

(സി) ആറുമാസമായി സമരംനടന്നുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ;

(ഡി) അതിലേറെക്കാലമായി സമരം നടന്നുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം ;

(ഇ) തൊഴിൽ സമരങ്ങൾ ഒത്തുതീർപ്പിലെത്തിക്കാൻ സാധിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 9.

(ബി) പുനലൂർ പേപ്പർ മിൽസ് (2-4-1986 മുതൽ), കോമൺ വെൽത്ത് ട്രസ്റ്റ് (9-4-1986 മുതൽ), ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് (വിറ്റാമിൻ എ പ്ലാന്റ് 5-3-1986 മുതൽ) (450 തൊഴിലാളികളിൽ 100 തൊഴിലാളികൾ മാത്രം).

(സി) ഇൻഡ്യൻ ട്രാൻസ്ഫോർമേഴ്സ് (18-1-1986 മുതൽ), കുന്നത്താ ടെക്സ്റ്റായിൽസ് (10-1-1986 മുതൽ).

(ഡി) സെൻട്രൽ മേരീസ് കളർ ആൻഡ് ടെക്സ്റൈൽസ് (10-7-1985 മുതൽ), അർജ്ജുന റബ്ബർ പ്രൊഡക്ട്സ്, തൊടുപുഴ (23-5-1984 മുതൽ), ഫോം മാറ്റിംഗ്സ് ഇന്ത്യാ ലിമിറ്റഡ്, ആലപ്പുഴ (7-2-1984 മുതൽ), ഗ്വാളിയർ റയോൺസ് (7-7-1985 മുതൽ).

(ഇ) തൊഴിൽ സമരങ്ങൾ ഒത്തുതീർപ്പിലെത്തിക്കുന്നതിനുവേണ്ടി അനുരഞ്ജന സമ്മേളനങ്ങൾ തൊഴിൽവകുപ്പുതലത്തിലും ഗവൺമെന്റു തലത്തിലും നടത്തിയിട്ടുണ്ട്. ഒത്തുതീർപ്പിലെത്താൻ വേണ്ട ശ്രമം തുടർന്നുവരികയാണ്.

ശ്രീ. പി. വിജയദാസ്: പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഗവൺമെന്റിന് നിയമപരമായി പല കാര്യങ്ങളും ചെയ്യാൻ കഴിയും. അത്തരം കാര്യങ്ങൾ ചെയ്യാതിരുന്നത് എന്തുകൊണ്ടാണ് ?

ശ്രീ. കെ. ശിവദാസൻ: പല കാര്യങ്ങളും ഉണ്ട്. സ്പെസിഫിക്കായിട്ട് ചോദിച്ചാൽ പറയാം.

ശ്രീ. പി. വിജയദാസ്: വളരെ നാളുകളായി പൂട്ടിക്കിടക്കുന്ന ഗ്വാളിയോർ റയോൺസ്, പുനലൂർ പേപ്പർമിൽസ്, തിരുവനന്തപുരം ടി. കെ. കെമിക്കൽസ്; ആലപ്പുഴയിലെ വയർറോപ്പ്സ് തുടങ്ങിയ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. ശിവദാസൻ: ഓരോന്നും ഓരോ കാര്യങ്ങൾകൊണ്ടാണ് പൂട്ടിക്കിടക്കുന്നത്. ടി. കെ. കെമിക്കൽസ് സാമ്പത്തിക പ്രതിസന്ധിമൂലം മുടമസ്ഥൻ ഉപേക്ഷിച്ചുപോയതാണ്. വയർറോപ്പ്സ് സാമ്പത്തിക പ്രതിസന്ധിമൂലം, ഐ. ഡി. ബി. ഐ. പണം കൊടുക്കാത്തതുകൊണ്ടാണ് പ്രവർത്തിക്കാതിരുന്നത്. പുനലൂർ പേപ്പർ മിൽ മൂന്നു മാസത്തിനുള്ളിൽ അടഞ്ഞതാണ്. അവിടെ ഒരു കേസുണ്ട്. ആ കേസിൽ റിസീവറെ വച്ചിട്ടുണ്ട്. 30-ാം തീയതി കോൺഫറൻസ് വച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: പോദ്യം തൊഴിൽസമരംമൂലം പൂട്ടിക്കിടക്കുന്ന തൊഴിൽശാലകളെ സംബന്ധിച്ചാണ്. കെ. എസ്. ഡി. പി. (എ) പ്ലാൻറിൽ സമരമുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ ഫാക്ടറി പൂട്ടിയിട്ടില്ലായിരുന്നു. ലേ ഓഫ് വന്നതിൻെറ പേരിൽ ഫാക്ടറി പൂട്ടിയിട്ട് തൊഴിൽസമരം മൂലമാണ് ഫാക്ടറി പൂട്ടിയതെന്നുപറയുന്നത് ശരിയാണോ?

ശ്രീ. കെ. ശിവദാസൻ: വിറ്റാമിൻ (എ) പ്ലാൻറ് എന്നാണ് പറഞ്ഞത്, 100 തൊഴിലാളികളെ ഉൾക്കൊള്ളുന്ന ആ ഭാഗംമാത്രം സമരം മൂലം പൂട്ടികിടക്കുന്നുവെന്നാണ് പറഞ്ഞത്. അതാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്.

ശ്രീമതി കെ. ആർ. ഗൗരി: ഞാനാണ് ഇതിൻെറ പ്രസിഡൻറ്. അത് പൂട്ടിയിട്ടില്ലായിരുന്നു. പത്തുപേരെ മെയിൻറനൻസിനു മാത്രം വച്ചുകൊണ്ട് അത് നടത്തുകയായിരുന്നു. അവിടെ ഇപ്പോഴും ലേ ഓഫാണ്.

ശ്രീ. കെ. ശിവദാസൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ടെക്നിക്കലായിട്ട് ശരിയാണ്. പോദ്യം കേരളത്തിലെ എത്ര തൊഴിൽശാലകൾ സമരംമൂലം പൂട്ടി എന്നാണ്. ഇംഗ്ലീഷിലാണെങ്കിൽ, ലേ ഓഫ്, ലോക്കൗട്ട്, ക്ലോഷർ, ഡിസ്മിസൽ ഓഫ് എംപ്ലോയ്മെൻറ് അങ്ങനെ പല പേരുകളിലാണ്, പറയുന്നത്. പൂട്ടികിടക്കുന്നു എന്നു പറയുമ്പോൾ ഇതെല്ലാംകൂടി ഉൾപ്പെടുത്തി പറഞ്ഞില്ലെങ്കിൽ വസ്തുതകൾ മറച്ചുവെച്ചു എന്ന് അർത്ഥം ഉണ്ടാകും. അതുകൊണ്ട് എല്ലാംകൂടി ചേർത്ത് പറഞ്ഞതാണ്.

റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ പുനഃസംഘടന

*86 [88] ശ്രീ. വി. കേശവൻ:
,, പി. എം. അബൂബക്കർ:
,, സി. ടി. അഹമ്മദ് അലി:
,, പി. സി. തോമസ് (കടുത്തുരുത്തി):
,, എം. ജിനദേവൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിച്ച സക്കറിയാ കമ്മീഷൻ ഗവൺമെൻറിന് റിപ്പോർട്ട് സമർപ്പിച്ചോ;

(ബി) സമർപ്പിച്ചിട്ടുണ്ടെങ്കിൽ ശുപാർശകൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(സി) ട്രാൻസ്പോർട്ട് കോർപ്പറേഷൻെറ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച ഡോ. പി.ജെ. അലക്സാണ്ടർ കമ്മീഷൻ അതിൻെറ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ റിപ്പോർട്ടിൻെറ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പുതിയ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly